# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2393** — **20/6/2012** -ൽ മറുപടിക്ക്

## തെങ്ങുകയറ്റ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) | |
| (എ) | തെങ്ങുകയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമ നിധിയും പെൻഷനും വർദ്ധിപ്പിക്കുന്നതിനും മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | തെങ്ങ് കയറ്റ തൊഴിലാളികൾക്കായി ഇപ്പോൾ പ്രത്യേക ക്ഷേമനിധി പ്രവർത്തിക്കുന്നില്ല എന്നാൽ അപകടത്തിൽപ്പെട്ട് തൊഴിൽ ചെയ്യാനാകാതെ ദുരിതമനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്ക് കാലാ കാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പെൻഷൻ നൽകുന്നതിന് 2012 - ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. |
| (സി) | ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന തൊഴിലാളികളുടെ ചികിത്സാ ചെലവ് വഹിക്കുന്നതിനും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളിക്ക് 25,000/- രൂപ എക്സ്ഗ്രേഷ്യാ ധനസഹായം നൽകി വരുന്നു. മരം കയറ്റ തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവർക്ക് ഒരു ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/